1. ഗ്രാമ പഞ്ചായത്തുകൾ

ഓരോ ജില്ലയിലെയും ഗ്രാമപഞ്ചായത്തിലെ പെർഫോമൻസ് ആഡിറ്റിന് നേതൃത്വം നൽകുവാനുള്ള ചുമതല പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്കാണ്. ഇതിലേയ്ക്ക് 66 യൂണിറ്റുകൾ രൂപീകരിച്ചു. ഓരോ യൂണിറ്റിനും നേതൃത്വം നൽകുന്നത് ഓരോ സീനിയർ സൂപ്രണ്ടാണ്.

2. ബ്ലോക്ക് പഞ്ചായത്തുകൾ

ബ്ലോക്ക് പഞ്ചായത്തിലെ പെർഫോമൻസ് ആഡിറ്റിന് ഓരോ ജില്ലയിലും നേതൃത്വം നൽകുന്നത് അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (പി.എ) ആയിരിക്കും. പ്രസ്തുത ഉദ്യോഗസ്ഥനെ സഹായിക്കുവാൻ ഓരോ ജില്ലയിലും സെക്രട്ടേറിയറ്റിൽ നിന്നും സെക്ഷൻ ആഫീസർ, അസിസ്റ്റന്റ് എന്നിവർ അടങ്ങിയ ടീം നിലവിലുണ്ട്.

3. മുനിസിപ്പാലിറ്റികൾ

മുനിസിപ്പാലിറ്റികളിലെ ഓഡിറ്റ് നടത്തുന്നതിനുള്ള ചുമതല കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകളിലെ മുനിസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടർക്കാണ്. ടിയാന്റെ കീഴിൽ ഓരോ മേഖലയിലും രണ്ടു ടീമുകൾ പ്രവർത്തിക്കുന്നുണ്ട്.

4. ജില്ലാ പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ

ജില്ലാ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനായി കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകൾ കേന്ദ്രമായി ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സെക്ഷൻ ആഫീസർ, നാല് അസിസ്റ്റന്റ്മാർ എന്നിവർ അടങ്ങിയ ഒരു ആഡിറ്റ് ടീം പ്രവർത്തിക്കുന്നു.

ജനകീയാസൂത്രണ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി

14 (*222) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെങ്കിലും പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനകീയാസൂത്രണ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പോരായ്മകൾ ചുവടെ വിവരിക്കുന്നു.

1. പ്രാദേശിക വിഭവങ്ങൾ പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

2. സംസ്ഥാന കേന്ദ്രാവിഷ്കൃത പരിപാടികളുടെ വിഹിതം പൂർണ്ണമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

3. ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യത ഉണ്ട്.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ സഹകരണസ്ഥാപനങ്ങളുടെ പങ്ക് കുറഞ്ഞുപോകുന്നതിനെച്ചൊടുണ്ടായിരുന്നു.

(ബി) മുൻവർഷങ്ങളിൽ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവ ചുവടെ നൽകുന്നു.

1. വിവിധ തട്ടുകളിലെ പരിപാടികൾ തമ്മിലുള്ള ആവർത്തനം, യോജിപ്പില്ലായ്മ വൈരുദ്ധ്യങ്ങൾ എന്നിവ ഒഴിവാക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ സംയോജിത രീതിയിൽ തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനുതകുന്ന സമഗ്രമായ സമീപനവും നിർദ്ദേശങ്ങളും വ്യക്തമാക്കുന്ന സംയോജിത ജില്ലാ പദ്ധതികൾ എല്ലാ ജില്ലകളിലും മുപം നൽകിയിട്ടുണ്ട്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും നടപ്പിലാക്കിയ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികൾ പുനരവലോകനം ചെയ്ത് ജില്ലാ ആസൂത്രണ സമിതികളുടെ അഭിപ്രായങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

3. താഴെ തട്ടിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ വ്യക്തിഗത ഗുണഭോക്തൃ രീതിയിലുള്ള ആസ്തി വിതരണം നടത്താൻ പാടുള്ളൂ.

4. വിവിധ തട്ടുകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്ന റോഡു നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായി.

5. താഴെ തട്ടിലുള്ള സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പരിപാടികളുടെ പൂരക സ്വഭാവം ഉറപ്പാക്കുന്നതിനും വിടവുകൾ ഒഴിവാക്കുന്നതിനും മേൽതട്ടു പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട ചില പ്രധാന പരിപാടികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചു നൽകി.

LIBRARY ARCHIVES Kerala Legislative Assembly

6. സംസ്ഥാനതല വികസന പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും മുഖേന സംസ്ഥാനത്തിന്റെ വികസന സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം മേഖലാ വിഭജനം നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ.

7. വിവിധ വികസന വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന സബ്സിഡി നിരക്കുകൾ ഏകീകൃത രീതിയിലാണ് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.

8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യുല്പാദനപരമല്ലാത്ത ചിലയിനം ആസ്തികൾ വിതരണം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ.

9. ജനകീയാസൂത്രണം സംബന്ധിച്ച് എല്ലാ പ്രവർത്തനങ്ങളുടെ രേഖകളും ജനങ്ങൾക്ക് അറിയുവാനും ബോദ്ധ്യപ്പെടുവാനുമുള്ള അവസരം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

15 (*223) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ ആദ്യവർഷം കഴിഞ്ഞ് 1998 ജൂൺ 15ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 300 കോടിയിൽപ്പരം രൂപ അനുവദിക്കുകയുണ്ടായോ ;

(ബി) ഈ തുക 15 ദിവസത്തിനകം വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവോ ;

(സി) അങ്ങനെയെങ്കിൽ ദിനംപ്രതി 20 കോടിയുടെ വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തു നടന്നതായി ഗവൺമെന്റ് കരുതുന്നുണ്ടോ ;

(ഡി) ഈ തുകയുടെ വിനിയോഗം മൂലം പ്രത്യുൽപാദന മേഖലയിൽ എന്തൊക്കെ നേട്ടമുണ്ടാക്കാനായെന്നും തൊഴിലില്ലായ്മ എത്രത്തോളം പരിഹരിക്കാൻ കഴിഞ്ഞുവെന്നും കണക്കാക്കിയിട്ടുണ്ടോ ;

(ഇ) മേൽപ്പറഞ്ഞ തുകയുടെ വിനിയോഗത്തിൽ വ്യാപകമായ അഴിമതി നടന്നതായി ആരോപണമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിന്മേൽ എന്തൊക്കെ അന്വേഷണങ്ങൾ നടത്തി ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly